പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 356 **13-10-2026-ൽ മറുപടിയ്ക്ക്**

എച്ച്.എം.എൽ എസ്റ്റേറ്റിലെ വാച്ചറായിരുന്ന മഞ്ജുഷയുടെ ആത്മഹത്യ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. കെ. കെ. രാമചന്ദ്രൻ ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

(എ) പുതുക്കാട് നിയോജക മണ്ഡലത്തിലെ വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ പാലാപ്പിള്ളി-കുണ്ടായി എച്ച്.എം.എൽ എസ്റ്റേറ്റിലെ വാച്ചറായി ജോലി ചെയ്തിരുന്ന മഞ്ജുഷയുടെ ആത്മഹത്യ തൊഴിലിടത്തിലെ ഓഫീസർമാരുടെ പീഡനം മൂലമാണ് എന്ന ആക്ഷേപം സംബന്ധിച്ച വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

മറുപടി: ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പാലാപ്പിള്ളി-കുണ്ടായി എച്ച്.എം.എൽ എസ്റ്റേറ്റിൽ ജോലി ചെയ്തിരുന്ന മഞ്ജുഷ, ടി എസ്റ്റേറ്റിലെ ഇലക്ട്രിക് ടവർ കമ്പിയിൽ തൂങ്ങി മരണപ്പെട്ടതായി കാണപ്പെട്ട കാര്യത്തിൽ വരന്തരപ്പിള്ളി പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 504/26 U/s 194 BNSS പ്രകാരം രജിസ്റ്റർ ചെയ്ത കേസിന്റെ അന്വേഷണത്തിൽ മരണപ്പെട്ട മഞ്ജുഷയെ സ്റ്റോർ ഡ്യൂട്ടിയിൽ നിന്നും ഫീൽഡ് വാച്ചർ ഡ്യൂട്ടിയിലേക്ക് മാറ്റിയതിലുള്ള മാനസിക വിഷമത്താലും ജോലിസ്ഥലത്തെ മാനേജ്മെന്റ് സ്റ്റാഫുകളായ ആൽബിൻ, ബെന്നി, വർഗ്ഗീസ് എന്നിവർ ജോലി സംബന്ധമായ കാരണങ്ങൾ ചൂണ്ടികാട്ടി നിരന്തരം മാനസിക പീഡനത്തിന് ഇരയാക്കിയിരുന്നതായി ബോധ്യപ്പെട്ടിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ കേസിൽ ഭാരതീയ ന്യായ സംഹിതയിലെ (BNS) 108, 3(5) എന്നീ വകുപ്പുകൾ കൂട്ടി ചേർത്ത് അന്വേഷണം നടത്തി വരുന്നു.

(ബി) നിരാലംബയും, രോഗിയുമായ മഞ്ജുഷയെ ആത്മഹത്യയിലേയ്ക്ക് തള്ളിവിട്ടതായി ആരോപിക്കപ്പെട്ടിട്ടുള്ള എസ്റ്റേറ്റ് കമ്പനി ഉദ്യോഗസ്ഥർക്കെതിരെ കേസ് രജിസ്റ്റർ ചെയ്യുന്നതിനും നിയമത്തിന്റെ മുൻപിൽ കൊണ്ടുവരുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

മറുപടി: ഉത്തരം (എ) യിൽ ചേർത്തിരിക്കുന്നു.

(സി) പ്രസ്തുത പരാതിയിന്മേൽ നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

മറുപടി: ഈ കേസിൽ മരണപ്പെട്ട മഞ്ജുഷ രേഖപ്പെടുത്തിയതായി കാണപ്പെട്ട ലെറ്റർ, സാക്ഷികളുടെ സാന്നിദ്ധ്യത്തിൽ ബന്ധവസ്സിലെടുത്ത് ബഹു. SDM ഇരിങ്ങാലക്കുട കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത കത്ത് പരിശോധിച്ചതിൽ നിന്നും സാക്ഷി മൊഴികൾ രേഖപ്പെടുത്തിയതിൽ നിന്നും മഞ്ജുഷ ജോലി ചെയ്തിരുന്ന സ്ഥലത്ത് ആൽബിൻ, ബെന്നി, വർഗ്ഗീസ് എന്നിവർ ജോലി സംബന്ധമായ

കാരണങ്ങൾ പറഞ്ഞ് നിരന്തരം മാനസിക പീഡനങ്ങൾ ഏറ്റിരുന്നു എന്ന് അറിവായതിനെ തുടർന്ന് ഈ കേസിലേക്ക് BNS section 108 3(5) എന്നീ വകുപ്പുകൾ കൂട്ടി ചേർത്ത് അന്വേഷണം നടത്തി വരുന്നു. ഈ കേസിലെ എഫ്.ഐ.ആറും മറ്റ് അനുബന്ധ രേഖകളും ബഹു. ജെ.എഫ്.സി.എം ഇരിങ്ങാലക്കുട കോടതിയിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതിലേക്കുള്ള റിപ്പോർട്ട് ബഹു. എസ്.ഡി.എം ഇരിങ്ങാലക്കുട കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്. പ്രതികളെ ഇതുവരെ അറസ്റ്റ് ചെയ്തിട്ടില്ല. ടി പ്രതികൾ ബഹു. തൃശ്ശൂർ സെഷൻസ് കോടതിയിൽ സമർപ്പിച്ച മുൻകൂർ ജാമ്യഹർജിക്കെതിരെ Bail Objection Report സമർപ്പിച്ചിട്ടുണ്ട്.

പ്രതികൾ വിദേശത്തേക്ക് കടക്കാൻ സാധ്യതയുള്ളതിനാൽ അവർക്കെതിരെ LOC പുറപ്പെടുവിച്ച് ഉത്തരവായിട്ടുണ്ട്. കൂടാത, പ്രതികളുടെ ഫോൺ നമ്പറുകളുടെ കോൾ ഡീറ്റെയിൽ റെക്കോർഡുകൾ (CDR) ശേഖരിച്ച് പരിശോധിച്ചുവരുന്നതോടൊപ്പം പ്രതികളെക്കുറിച്ച് കൂടുതൽ വിവരങ്ങൾ ലഭ്യമാക്കുന്നതിനായി ഗാണ്ഡീവം പോർട്ടലിൽ അപേക്ഷ സമർപ്പിച്ചും അന്വേഷണം നടത്തിവരുന്നു.

സെക്ഷൻ ഓഫീസർ